**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 24** — **22-07-2021 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായങ്ങൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,**<br>**ശ്രീ .പി. കെ. ബഷീർ ,**<br>**ശ്രീ. നജീബ് കാന്തപുരം** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ തയ്യാറാകുന്നവരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; | (എ) | വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ പുതിയതായി കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ചു വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. KSWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ |

- ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgment Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചു നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇവകൂടാതെ KSIDC നോഡൽ ഏജൻസിയായി എല്ലാ വകുപ്പുകളെയും കോർത്തിണക്കി കേന്ദ്ര സർക്കാരിന്റെ DPIIT-യുടെ മേൽനോട്ടത്തിലുള്ള വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാന / ജില്ലാ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനുകൾ, റെഗുലേറ്ററി കംപ്ലൈയെന്സ് ലഘൂകരിക്കൽ നടപടികൾ മുതലായവ ഇവയിൽപ്പെടുന്നു. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ എന്നിവ നിയമ/ ചട്ടങ്ങളുടെ ഭാഗമായുള്ളതും അല്ലാത്തതുമാകാം. ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievance Redressal Committee)രൂപീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റു പദ്ധതികളും DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ

| | | | |
|---|---|---|---|
| | | | തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സർക്കാർ വകുപ്പുകളുടെ പ്രവർത്തനം വ്യവസായം ആരംഭിക്കാൻ ആഗ്രഹിക്കുന്ന സംരംഭകരെ പിന്തിരിപ്പിക്കുന്നതാണെന്ന ചില വ്യവസായികളുടെ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ തെറ്റായ പ്രചാരണം ബോധപൂർവ്വം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന് വസ്തുതയുമായി ബന്ധമില്ലെന്ന് കണക്കുകൾ തെളിയിക്കുന്നുണ്ട്. 2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിനു 100% വർദ്ധന വന്നിട്ടുണ്ട്. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനായി കഴിഞ്ഞ 5 വർഷം സർക്കാർ സ്വീകരിച്ച നടപടികൾ മികച്ച ഫലം ഉണ്ടാക്കിയെന്ന് വിവിധ വ്യവസായ സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ മുൻകൈ എടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ 20.05.2021 ലെ ആദ്യ മന്ത്രിസഭാ യോഗതീരുമാന പ്രകാരം തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിയ്ക്കുമോ? | (സി) | ഇത്തരത്തിൽ തെറ്റായ പ്രചാരണം ബോധപൂർവ്വം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന് വസ്തുതയുമായി ബന്ധമില്ലെന്ന് കണക്കുകൾ തെളിയിക്കുന്നുണ്ട്. 2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിനു 100% വർദ്ധന വന്നിട്ടുണ്ട്. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനായി കഴിഞ്ഞ 5 വർഷം സർക്കാർ സ്വീകരിച്ച നടപടികൾ മികച്ച ഫലം ഉണ്ടാക്കിയെന്ന് വിവിധ വ്യവസായ സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ മുൻകൈ എടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ 20.05.2021 ലെ ആദ്യ മന്ത്രിസഭാ യോഗതീരുമാന പ്രകാരം തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ